**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4791** **20-07-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ വൈപ്പിൻ-പള്ളിപ്പുറം പാരലൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിൽ ചെ. 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിയിൽ ചെ. 0/000 മുതൽ 8/000വരെ GSB,WMMപൂർത്തിയാക്കിയിട്ടുണ്ട്. ചെ. 8/000 മുതൽ 10/500 വരെയുള്ള ഭാഗം കടലിനോട് വളരെ ചേർന്ന് കിടക്കുന്നതും കടൽ ഭിത്തി തകർന്നിരിക്കുന്നതുമായ സ്ഥലമാണ്. അതു മൂലം ഈ ഭാഗത്ത് 2 മീ. ഉയരത്തിൽ മണൽ കയറി കിടക്കുകയാണ്. ഈ മണൽ നീക്കം ചെയ്യാതെ ഇവിടെ കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യുവാൻ സാധിക്കുന്നതല്ല. ചെ. 8/000 മുതൽ 10/500 വരെയുള്ള ഭാഗത്തെ മണൽ നീക്കം ചെയ്യുന്നതിനു വേണ്ടി പഞ്ചായത്ത് അധികൃതരേയും ജില്ലാ ഭരണകൂടത്തേയും സമീപിച്ചിട്ടുണ്ട്. ചെ.11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തിയിൽ ॥/000 മുതൽ 14/000 വരെ ജി.എസ്.ബി (GSB) ഡബ്ല്യൂ.എം.എം (WMM) പൂർത്തീകരിച്ചിട്ടുണ്ട്. ചെ. 14/000 മുതൽ 17/000 വരെയുള്ള ഭാഗത്ത് പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും പ്രതികൂല കാലാവസ്ഥയും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ചെ 17/000 മുതൽ 19/00വരെയുള്ള ഭാഗത്തെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചെ. 19/000 മുതൽ ചെ. 20/000 വരെയുള്ള ടാറിംഗ് പ്രവൃത്തികൾ മഴ മാറിയാലുടൻ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | ജനങ്ങളുടെ യാത്രാക്ലേശവും പരാതികളും കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിൽ ചെ. 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിയിൽ ചെ. 0/000 മുതൽ 8/000വരെ GSB,WMMപൂർത്തിയാക്കിയിട്ടുണ്ട്. ചെ. 8/000 മുതൽ 10/500 വരെയുള്ള ഭാഗം കടലിനോട് വളരെ ചേർന്ന് കിടക്കുന്നതും കടൽ ഭിത്തി തകർന്നിരിക്കുന്നതുമായ സ്ഥലമാണ്. അതു മൂലം ഈ |

| | | | |
|---|---|---|---|
| | | | ഭാഗത്ത് 2 മീ. ഉയരത്തിൽ മണൽ കയറി കിടക്കുകയാണ്. ഈ മണൽ നീക്കം ചെയ്യാതെ ഇവിടെ കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യുവാൻ സാധിക്കുന്നതല്ല. ചെ. 8/000 മുതൽ 10/500 വരെയുള്ള ഭാഗത്തെ മണൽ നീക്കം ചെയ്യുന്നതിനു വേണ്ടി പഞ്ചായത്ത് അധികൃതരേയും ജില്ലാ ഭരണകൂടത്തേയും സമീപിച്ചിട്ടുണ്ട്. ചെ.11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തിയിൽ 11/000 മുതൽ 14/000 വരെ ജി.എസ്.ബി (GSB) ഡബ്ല്യൂ.എം.എം (WMM) പൂർത്തീകരിച്ചിട്ടുണ്ട്. ചെ. 14/000 മുതൽ 17/000 വരെയുള്ള ഭാഗത്ത് പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും പ്രതികൂല കാലാവസ്ഥയും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ചെ 17/000 മുതൽ 19/00വരെയുള്ള ഭാഗത്തെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചെ. 19/000 മുതൽ ചെ. 20/000 വരെയുള്ള ടാറിംഗ് പ്രവൃത്തികൾ മഴ മാറിയാലുടൻ നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ കാലാവധി എന്നാണ് അവസാനിച്ചിട്ടുള്ളതെന്നും ആയത് എത്ര തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിൽ ചെ. 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 15.05.2022 വരെയായിരുന്നു. 15.11.2022 വരെ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള ശിപാർശ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയ ത്തിൽ പരിശോധിച്ച് വരുന്നു. ചെ. 11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 17.09. 2022 വരെയാണുള്ളത്. വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിൽ ചെ.0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തി 15.11.2022 നകവും ചെ.11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തി 17.09.2022 നകവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ഡി) | വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിൽ ചെ. 0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 15.05.2022 വരെയായിരുന്നു. 15.11.2022 വരെ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള ശിപാർശ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയ ത്തിൽ പരിശോധിച്ച് വരുന്നു. ചെ. 11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 17.09. 2022 വരെയാണുള്ളത്. വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിൽ ചെ.0/000 മുതൽ 11/000 വരെയുള്ള പ്രവൃത്തി 15.11.2022 നകവും ചെ.11/000 മുതൽ 17/000 വരെയുള്ള പ്രവൃത്തി 17.09.2022 നകവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ